പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3007 **29-10-2026-ൽ മറുപടിയ്ക്ക്**

കേരളത്തിലെ സാമൂഹിക ദാർശനിക ചിന്തകരുടെ സംഭാവനകൾ സിലബസിൽ ഉൾപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. വി. മുരളീധരൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) കേരളത്തിന്റെ സാമൂഹിക ദാർശനിക ചിന്തകൾക്ക് വളരെയധികം പ്രേരണ നൽകിയിട്ടുള്ള ആദിശങ്കരാചാര്യർ, ശ്രീനാരായണ ഗുരുദേവൻ, ശ്രീചട്ടമ്പിസ്വാമികൾ, മഹാത്മ അയ്യങ്കാളി, ശ്രീവൈകുണ്ഠസ്വാമികൾ എന്നിവരുടെ ജീവചരിത്രവും കൃതികളും അവർ സമൂഹത്തിന് നൽകിയ സംഭാവനയും സംബന്ധിച്ച പാഠഭാഗങ്ങൾ കേരള സംസ്ഥാന സിലബസിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രീനാരായണ ഗുരുദേവൻ, ശ്രീ ചട്ടമ്പിസ്വാമികൾ, മഹാത്മാ അയ്യങ്കാളി, ശ്രീ വൈകുണ്ഠ സ്വാമികൾ എന്നിവർ സമൂഹത്തിന് നൽകിയ സംഭാവനകൾ കേരള സംസ്ഥാന സിലബസിലെ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള പാഠഭാഗങ്ങൾ നിലവിൽ കേരളസിലബസിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ടോ;

മറുപടി: ഈ പാഠഭാഗങ്ങൾ നിലവിൽ കേരള സിലബസിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികളെ പഠിപ്പിക്കുന്നുണ്ട്.

(സി) എങ്കിൽ ഏതൊക്കെ ക്ലാസുകളിലെ പാഠഭാഗങ്ങളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: ഏഴാം ക്ലാസിലെ സാമൂഹ്യശാസ്ത്രം ഭാഗം ഒന്നിലെ നാലാമത്തെ യൂണിറ്റായ 'അനീതിയിൽ നിന്ന് നീതിയിലേക്ക്' എന്ന ഭാഗത്തിലും, ഹയർ സെക്കൻഡറി ചരിത്ര പാഠപുസ്തകത്തിലെ ഭാഗം നാലിൽ 'കേരള ചരിത്രത്തിലെ തിരഞ്ഞെടുത്ത പ്രമേയങ്ങൾ' എന്ന വിഭാഗത്തിലും ശ്രീ നാരായണ ഗുരുദേവൻ, ശ്രീ ചട്ടമ്പിസ്വാമികൾ, മഹാത്മാ അയ്യങ്കാളി, ശ്രീ വൈകുണ്ഠസ്വാമികൾ എന്നിവരുടെ ജീവചരിത്രവും കൃതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രീനാരായണഗുരു രചിച്ച ദൈവദശകം കേരള സിലബസിലെ ഏതെങ്കിലും പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: നിലവിലെ കേരള സിലബസ് പാഠപുസ്തകങ്ങളിൽ ശ്രീനാരായണ ഗുരു രചിച്ച 'ദൈവദശകം' ഒരു പ്രത്യേക പഠന അധ്യായമായോ കവിതയായോ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ